കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN :U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (SCM) &

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ഊർജ്ജ കേരള മിഷൻ

ഫോൺ +91 9446008137, ഇ-മെയിൽ : safetykseb@gmail.com, വെബ് സൈറ്റ് : www.kseb.in

നമ്പർ:- സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിട്ട്സ്/2022-23/259 തീയതി:23/01/2023

14-12-2022 നു പകൽ 02.30 നു വീഡിയോ കോൺഫറൻസ് മുഖേന കൂടിയ പതിമൂന്നാമത് സംസ്ഥാന തല സുരക്ഷാ യോഗത്തിന്റെ നടപടികുറിപ്പ്

(1) ശ്രീ ആനന്ദ് എസ് ആർ , ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് ആൻഡ് സേഫ്റ്റി)

(2) ശ്രീ സുരേന്ദ്ര പി, ചീഫ് എഞ്ചിനീയർ എസ് സി എം & ചീഫ് സേഫ്റ്റി കമ്മീഷണർ

(3) ശ്രീമതി ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

(4) ശ്രീ നടരാജ് കെ പി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സൗത്ത്)

(5) ശ്രീ എൻ സന്തോഷ് കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സെൻട്രൽ)

(6) ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

(7) ശ്രീമതി ലത ടി കെ , ചീഫ് സേഫ്റ്റി ഓഫീസർ, കണ്ണൂർ, ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

(8) ശ്രീമതി എ ലീലാമ്മ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

(9) ശ്രീ മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

(10) ശ്രീമതി സാജമ്മ ജെ പുന്നൂസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

(11) ശ്രീ സജിൻ സ്റ്റീഫൻ, റീജിയണൽ പേഴ്സണൽ ഓഫീസർ

(12) ശ്രീമതി സജിത കുമാരി ടി എസ്, ടി എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)

(13) ശ്രീമതി മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(14) ശ്രീ സജീവ് കുമാർ എം പി , KSEBWA

(15) ശ്രീ അജിത സി , KSEBWA

(16) ശ്രീമതി സരസ്വതി ടി ,KSEB Officers Sangh

(17) ശ്രീ ശ്യാം കുമാർ, KSEBOA

(18) ശ്രീ ഷൈൻ സെബാസ്റ്റ്യൻ, KSEBEA

(19) ശ്രീ അശോക് ഷെർലെക്കർ എസ് , KPBOF

(20) ശ്രീ ആനന്ദ്, KEOC

(21) ശ്രീ രാകേഷ് പ്രസന്നൻ, KEOF

(22) ശ്രീ വേണുഗോപാൽ ,KOWO

(23) ശ്രീമതി ഷംല എ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(24) ശ്രീ അനന്തകൃഷ്ണൻ എം ജി, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(25) ശ്രീമതി വിദ്യ രാജഗോപാൽ , അസിസ്റ്റൻറ് എൻജിനീയർ, ITCU

(26) ശ്രീമതി സന്ധ്യ ടി എസ്, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പകൽ 2.30 ന വീഡിയോ കോൺഫറൻസിംഗിലൂടെ യോഗനടപടികൾ ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് & സേഫ്റ്റി) സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ശ്രീ.ആനന്ദ്.എസ്.ആർ, ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് & സേഫ്റ്റി)

വൈദ്യുത ജോലികളിൽ ഏർപ്പെടുന്നവർ, "ഞാൻ അപകടരമായ ജോലിയാണ് ചെയ്യുന്നത്, എനിക്ക് ഇതിൽ നിന്നും അപകടം ഉണ്ടാകുവാൻ സാധ്യത നിലനിൽക്കുന്നുണ്ട് " എന്ന കാര്യം ജീവനക്കാർ മനസ്സിലാക്കുവാൻ ശ്രമിക്കുന്നില്ല. കൂടാതെ വൈദ്യുത ജോലികൾ ചെയ്യുമ്പോൾ ശരിയായ മേൽ നോട്ടത്തിന്റെ അഭാവവും പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നു.ജീവനക്കാർക്കിടയിൽ സുരക്ഷാ സംസ്കാരം വളർത്തി എടുക്കുന്നതിനായി നമ്മൾ പലവിധ സുരക്ഷാ പരിപാടികൾ നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്കിടയിലും നമ്മൾ പലവിധ വൈദ്യുത സുരക്ഷാ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.എന്നിരുന്നാലും ജീവനക്കാർക്കിടയിലും, പൊതുജനങ്ങൾക്കിടയിലും വൈദ്യുത അപകടങ്ങൾ ആവർത്തിക്കുന്നു.വിതരണ മേഖലയിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്നതുകൊണ്ടും, നെറ്റ് വർക്കുകൾ കൂടുതൽ ഉള്ളതുകൊണ്ടും കൂടുതൽ വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നു.

വൈദ്യുത അപകടങ്ങളുടെ കാരണങ്ങൾ അവലോകനം ചെയ്യുമ്പോൾ സുരക്ഷ പാലിക്കുന്നതിനു വരുത്തുന്ന വീഴ്ചകളാണ് പലപ്പോഴും അപകടങ്ങളിലേക്ക് വഴിതെളിക്കുന്നത് എന്ന് മനസ്സിലാകുന്നു. ജീവനക്കാർ പരസ്പരം സുരക്ഷാ ബോധവത്കരണം വളർത്തി

എടുക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. ഓരോ മനുഷ്യജീവനും വിലപ്പെട്ടതാണ്. കൂടാതെ മാരകമല്ലാത്ത പല അപകടങ്ങളിലും പൊള്ളലേറ്റും, പോസ്റ്റിൽ നിന്നും താഴെ വീണും അപകടത്തിനിരയായവർ വളരെ അധികം കഷ്ടതകൾ അനുഭവിക്കുന്നുണ്ട്. എല്ലാ ജീവനക്കാരും ആത്മപരിശോധന നടത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ പരിശ്രമിക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി കമ്മീഷണർ

കഴിഞ്ഞ മൂന്നുമാസത്തെ വൈദ്യുത അപകടങ്ങൾ അവലോകനം ചെയ്യുമ്പോൾ, സുരക്ഷാ സംവിധാനം ഉൾക്കൊള്ളുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഉള്ള വീഴ്ചകളാണ് അപകടത്തിനു കാരണം എന്ന് മനസ്സിലാക്കുന്നു.

സബ്എൻജിനീയർ, ഓവർസിയർ, രണ്ട് ലൈൻമാൻ എന്നിവരുടെ സാനിധ്യത്തിൽ ഇലക്ട്രിസിറ്റി വർക്കർ സപ്ലൈ ഉള്ള പോസ്റ്റിൽ കയറിയ ഒരു സംഭവം സെൻട്രൽ റീജിയണിൽ ഈ അടുത്ത് സംഭവിച്ചു. ഇത്തരം സംഭവങ്ങൾ സേഫ്റ്റി കമ്മിറ്റികളിൽ ചർച്ച ചെയ്യേണ്ടതും ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായുള്ള പരിഹാരം കണ്ടെത്തേണ്ടതും അത്യാവശ്യമാണ്.

എല്ലാ ജീവനക്കാരും സേഫ്റ്റി പ്രൊസീജിയർ ഉൾകൊണ്ടുകൊണ്ട് നൂറു ശതമാനവും നടപ്പിലാക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

2022 ൽ ഇതുവരെ 168 അപകടമരണങ്ങൾ സംഭവിച്ചു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഡയറക്ടറുടെ ഉത്തരവ് പ്രകാരം Safety Assessment Committee രൂപീകരിക്കുകയും നോർത്ത് മലബാർ മേഖലയിൽ ഇത് പ്രകാരം കമ്മിറ്റി ഇൻസ്പെക്ഷൻ നടത്തുകയും യോഗങ്ങൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജീവനക്കാരുമായും സേഫ്റ്റി ഓഫീസർമാർ എന്നിവരുമായി സംവദിച്ചപ്പോൾ 80 ശതമാനത്തോളം വൈദ്യുത പ്രവർത്തികളും എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കുന്നു. എന്നാൽ 20 ശതമാനത്തോളം വൈദ്യുത ജോലികളിൽ ഭാഗികമായി മാത്രമേ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുള്ളൂ. സുരക്ഷാ വിംഗിന്റെയും സേഫ്റ്റി കമ്മിറ്റികളുടേയും ഇടപെടൽ ഉണ്ടെങ്കിൽ 100 ശതമാനം വൈദ്യുത പ്രവൃത്തികളും എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.

ഏറ്റവും കൂടുതൽ വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നത് പൊതുജനങ്ങൾക്കാണ്. പൊതുജനങ്ങളിൽ സുരക്ഷാ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനായി LSGD, വിദ്യാഭ്യാസവകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം തുടങ്ങിയ വകുപ്പുകളിലേക്ക് കത്തുകൾ നൽകിയിട്ടുണ്ട്.

നോർത്ത് മലബാർ മേഖലയിൽ സേഫ്റ്റി അസ്സ്മെന്റ് കമ്മിറ്റി നടത്തിയ യോഗങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളിലെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഈ യോഗത്തിൽ, LSGD, Education തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാർക്ക് TOT ട്രയിനിംഗുകൾ നൽകുകയാണെങ്കിൽ പ്രസ്തുത ജീവനക്കാർ പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാം എന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

- പൊതുജനബോധവത്ക്കരണത്തിനായി നമ്മുടെ ജീവനക്കാർ, മൈക്ക് അനൌൺസ്മെന്റ്, ട്രെയിനിംഗുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ സംവിധാനങ്ങൾകൂടി ഇതിനായി ഉപയോഗിക്കുകയാണെങ്കിൽ ഇത്തരം ബോധവത്ക്കരണ പരിപാടികൾ കൂടുതൽ ഫലപ്രദമാകുന്നതാണ്. ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുവാൻ സാധിക്കുന്നതാണ്.
- ജീവനക്കാർക്കിടയിൽ ശരിയായ സുരക്ഷാതൊഴിൽ സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് സുരക്ഷാ വിഭാഗത്തിന്റെയും സുരക്ഷാ കമ്മിറ്റികളുടെയും മുമ്പിലുള്ള പ്രധാന വെല്ലുവിളി.

ശരിയായ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള വൈദ്യുത ലൈനുകളും, ട്രാൻസ്ഫോർമർ സ്റ്റേഷനുകളും പലപ്പോഴും വൈദ്യുത അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. ലൈൻ പട്രോളിംഗ് നടത്തി ഇത്തരത്തിൽ അപകടാവസ്ഥയിലുള്ള വൈദ്യുത ലൈനുകളും ട്രാൻസ്ഫോർ സ്റ്റേഷനുകളും standardize ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗുമായി ബന്ധപ്പെട്ട പവർ പോയിന്റ് പ്രസന്റേഷൻ ചെയ്യുന്നതിനായി സുരക്ഷാ വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.അനന്തകൃഷ്ണനെ അധ്യക്ഷൻ ക്ഷണിച്ചു.

- 31.08.2022 ൽ നടത്തിയ സ്റ്റേറ്റ് ലൈവൽ സേഫ്റ്റി മീറ്റിംഗ് മിനിട്ട്സിന്റെ അവലോകനം.
- 2022 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ മാസം വരെ ബോർഡ് പ്രതിഷ്ഠാപനം, ഉപഭോക്തൃഇടം എന്നിവിടങ്ങളിൽ സംഭവിച്ച അപകടങ്ങൾ, മുൻ വർഷം ഇതേ

കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണവും ആയുള്ള താരതമ്യം

- 2022 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ മാസം വരെ ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ സംഭവിച്ച അപകടങ്ങളുടെ കാരണങ്ങൾ 2021 ൽ ഇതേ കാലയളവിൽ ഇതേ കാരണങ്ങൾ മൂലം സംഭവിച്ച അപകടങ്ങളുടെ എണ്ണവുമായുള്ള താരതമ്യം
- 2022 ൽ ജനുവരി മുതൽ ഒക്ടോബർ മാസം വരെ സംഭവിച്ച അപകടമരണങ്ങളുടെ കാരണങ്ങൾ
- മീറ്റിംഗ് റിവ്യൂ കാലയളവിൽ വിതരണ വിഭാഗം മേഖലകളിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണം സർക്കിളുകൾ തിരിച്ചുള്ള അവലോകനം.
- മീറ്റിംഗ് റിവ്യൂ കാലയളവിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ
- മീറ്റംഗ് റിവ്യൂ കാലയളവിൽ ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ സംഭവിച്ച അപകടമരണങ്ങളുടെ വിശദമായ അവലോകനം.
- വൈദ്യുത അറ്റകുറ്റപ്പണിക്കിടെ വൈദ്യുതാഘാതം മൂലം മീറ്റിംഗ് റിവ്യൂ കാലയളവിൽ സംഭവിച്ച മാരകമല്ലാത്ത അപകടങ്ങളുടെ അവലോകനം.
- MIDEA (Manufacturing Unit For Innovative Device) യുടെ പ്രവർത്തനം
- അപകടങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയവ പവർ പോയിന്റ് പ്രസന്റേഷൻ വഴി അവതരിപ്പിച്ചു.

<u>ശ്രീമതി. ഷീബ എബ്രഹാം,Additional Chief Electrical Inspector</u>

മീറ്റിംഗ് റിവ്യൂ കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ വിശദമായ അവലോകനം ഇപ്പോൾ അവതരിപ്പിച്ചിട്ടുണ്ട്. അപകടങ്ങൾ കുറക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് വളരെയധികം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് പ്രസന്റേഷനിൽ നിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വൈദ്യുത അപകടങ്ങളുടെ ഇത്തരം അവലോകനം, വൈദ്യുത ലൈനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കിടയിലും സൂപ്പർവൈസർമാർക്കിടയിലും എത്തുകയാണെങ്കിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ജീവനക്കാർ കൂടുതൽ സന്നദ്ധരാകുന്നതാണ്.

MIDEA യൂണിറ്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. ബോർഡ് പ്രതിഷ്ഠാപനങ്ങൾക്ക് സമീപം സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകളുടെ ലിസ്റ്റ് ഇൻസ്പെക്ടറേറ്റിൽ കിട്ടിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് കൈമാറിയതിന് ശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

ജിയോപോളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, 650V-ന് താഴെ വോൾട്ടതയുള്ള ലൈനുകൾക്ക് സമീപം ഇൻസുലേറ്റഡ് പോളുകൾ സ്ഥാപിക്കുന്നതിനാണ് CEA റഗുലേഷൻ പ്രകാരം ഇൻസ്പെക്ടറേറ്റിൽ നിന്നും അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത തൂണുകളുടെ ഇൻസുലേഷൻ പരിശോധിക്കുന്നതിനായി NABL അംഗീകൃത ഏജൻസി നൽകുന്ന ഇൻസുലേഷന്റെ കാര്യക്ഷത ഉറപ്പാക്കുന്ന ഇൻസുലേഷൻ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി ലിമിറ്റഡിന് പരിശോധിക്കാവുന്നതാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വൈദ്യുത ലൈനുകളുടെ അറ്റകുറ്റപ്പണികളെ ബാധിക്കുന്നതരത്തിൽ തൂണുകൾ സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അനുമതിയും വാങ്ങേണ്ടതാണ് എന്നീ നിർദേശങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്.

കൂടാതെ കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിൽ, റോഡുകളിൽ വൈദ്യുത ലൈനുകൾക്ക് എതിർഭാഗത്ത് തദ്ദേശസ്ഥാപനങ്ങളുടെ അനുമതിയോടെ ജിയോ കമ്പനിയുടെ തൂണുകൾ സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും എന്ന നിർദ്ദേശം വന്നിരുന്നു. ഈ അഭിപ്രായവും ഇൻസ്പെക്ടറേറ്റിന്റെ റെക്കമെന്റേഷനായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. നടരാജ് കെ പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സൌത്ത്)

പാലാ സർക്കിളിന് കീഴിൽ ഉത്സവ ആഘോഷങ്ങളോടനുബന്ധിച്ച് ഒരു അപകടത്തിൽ 7 പേർക്ക് വൈദ്യുതാഘാതം മൂലം പരിക്ക് പറ്റിയ സംഭവം വിശദീകരിച്ചു. പ്രസ്തുത അപകടത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രദേശത്തെ വയർമാൻമാരുടേയും മൈക്ക് ടെക്നീഷ്യൻമാരുടേയും യോഗം വിളിക്കുകയും വൈദ്യുത സുരക്ഷാ ബോധവത്കരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ അപകടത്തിന്റെ പശ്ചാത്തലത്തിൽ മറ്റ് സർക്കിളുകളിലെ വയർമാൻമാർക്കും ടെക്നീഷ്യൻമാർക്കും ട്രെയിനിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ജീവനക്കാർക്ക് സ്ട്രസ്സ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് ക്ലാസുകൾ ഡിവിഷൻ തലത്തിലും സർക്കിൾ തലത്തിലും സംഘടിപ്പിക്കുന്നുണ്ട്.

ജീവനക്കാർക്ക് ജോലിഭാരം കൂടുതലാണ്. പല സർക്കിളുകളിലും പി.എം.യു എക്സിക്യൂട്ടിവ് എഞ്ചിനീയർമാരില്ല.. ജോലിഭാരം കൂടുതലായതുമൂലം ചീഫ് സേഫ്റ്റി ഓഫീസർമാർക്കും, സേഫ്റ്റി ഓഫീസർമാർക്കും സർപ്രൈസ് ഇൻസ്പെക്ഷൻ കൂടുതലായി നടത്താൻ കഴിയുന്നില്ല.

ജീവനക്കാരുടെ അശ്രദ്ധമൂലമുള്ള അപകടങ്ങൾ കുറക്കുന്നതിന് സർപ്രൈസ് ഇൻസ്പെക്ഷനുകളുടെ എണ്ണം കൂട്ടേണ്ടതുണ്ട്. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർക്ക് വാഹന സൗകര്യം ഇല്ലാത്തത് മൂലം സേഫ്റ്റി ഇൻസ്പെക്ഷനുകൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

മേഖലക്ക് കീഴിൽ അനധികൃത കേബിളുകൾ 70% നീക്കം ചെയ്തിട്ടുണ്ട്. ജിയോ കേബിളുകൾ കെ.എസ്.ഇ.ബി.എൽ-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഇപ്പോഴും സ്ഥാപിക്കുന്നത്.

കൊല്ലം സർക്കിളിന്റെ കീഴിൽ തങ്കശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ 29.11.2022-ന് രാവിലെ നാലുമണിക്ക് ജിയോ കേബിളിന്റെ പോൾ സ്ഥാപിക്കുന്നതിനായി കുഴി എടുക്കുന്നതിനിടക്ക് 11 കെ.വി യു.ജി കേബിളിൽ തട്ടി, അന്യസംസ്ഥാന തൊഴിലാളിക്ക് വൈദ്യുതാഘാതം മൂലം മാരകമല്ലാത്ത അപകടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത വിവരം കെ.എസ്.ഇ.ബി.എൽ അധികൃതരെ അറിയിക്കാതെ കുഴിമൂടുകയാണുണ്ടായത്. എന്നാൽ 11 കെ.വി ഫീഡർ സബ്സ്റ്റേഷനിൽ ട്രിപ്പ് ആവുകയും, രണ്ട് മണിക്കൂറോളം ഈ ഫീഡറിൽ വൈദ്യുത തടസ്സം ഉണ്ടാവുകയും ചെയ്തു. രാത്രി സമയത്താണ് ജിയോ കേബിൾ അധികൃതർ കേബിൾ വലിക്കുന്നത്. പ്രസ്തുത അപകടവുമായി ബന്ധപ്പെട്ട പരാതി ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കും പോലീസ് സ്റ്റേഷനിലും നൽകിയിട്ടുണ്ട്. ഈ വിഷയം അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.

നിലവിൽ ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ എ.എം.സി നൽകിയിട്ടുള്ള സ്ഥലങ്ങളിൽ പൂതുക്കി നൽകുന്നുണ്ട്. ബാക്കിയുള്ള സർക്കിളുകളിൽ എ.എം.സി നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

ലൈനുകളിൽ സ്പെയസറുകൾ സ്ഥാപിക്കുന്ന പ്രവർത്തിയുടെ 60% മേഖലക്ക് കീഴിൽ പൂർത്തിയായിട്ടുണ്ട്. സുരക്ഷാ പരിശോധനകൾ ചീഫ് സേഫ്റ്റി ഓഫീസർമാരും, സേഫ്റ്റി ഓഫീസർമാരും നടത്തുന്നുണ്ട്.

ലോഹതോട്ടികൾ വൈദ്യുത ലൈനുകൾക്ക് സമീപം ഉപയോഗിക്കുന്നതിനെതിരെ പൊതുജന ബോധവത്ക്കരണത്തിനായി ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് മൈക്ക് അനൌൺസ്മെന്റുകൾ എല്ലാ സർക്കിളിന് കീഴിലും നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കിൾ/ഡിവിഷൻ/സബ്ഡിവിഷൻ തലങ്ങളിൽ സുരക്ഷാ കമ്മറ്റികൾ വളരെ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

വാട്ട്സ് ആപ്പ് കൂട്ടായ്മകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട്.സുരക്ഷയുമായി ബന്ധപ്പെട്ട കാർട്ടൂണുകൾ , സന്ദേശങ്ങൾ എന്നിവ വാട്ട്സ് ആപ്പ് കൂട്ടായ്മകളിൽ അയക്കുകയും പൊതുജന ബോധവത്കരണത്തിനായുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ചില വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ വാട്ട്സ് ആപ്പ് കൂട്ടായമകളിലേക്ക് സന്ദേശങ്ങൾ അയക്കുന്നതിന് ആശങ്ക പങ്കുവച്ചിട്ടുണ്ട്.

സുരക്ഷാ ട്രയിനിംഗുകൾ, സംഘടിപ്പിക്കുന്നുണ്ട്. ലൈൻ പട്രോളിംഗ് കൃത്യമായി നടത്തുന്നതിനും, Patrolling register കൃത്യമായി up keep ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>അദ്ധ്യക്ഷൻ</u>

ജിയോ പോളുമായി ബന്ധപ്പെട്ട് പോസ്റ്റുകളുടെ ലിസ്റ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് കൈമാറിയിട്ടുണ്ട്. ഇത്തരത്തിലുള്ള പോസ്റ്റുകളുടെ റീജിയൺ തിരിച്ചുള്ള എണ്ണം അറിയിക്കേണ്ടതാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ കൈമാറിയ ലിസ്റ്റിൻമേൽ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സെക്ഷനുകൾ തിരിച്ച് ഇത്തരത്തിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകൾ മാറ്റുന്നതിനായുള്ള പരാതി എ.ഡി.എം-ന് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള എല്ലാ പരാതികളും സെക്ഷൻ തിരിച്ച് അല്ലെങ്കിൽ സബ്ഡിവിഷൻ തിരിച്ച് എ.ഡി.എം-ന് മുമ്പാകെ പെറ്റിഷൻ ആയി ഫയൽ ചെയ്യേണ്ടതാണ്.

<u>ശ്രീമതി. ഷിബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ</u>

അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകളെ സംബന്ധിച്ചുള്ള പരാതി അതത് ജില്ലാ ഓഫീസുകൾക്ക് നേരിട്ട് കൈമാറുകയാണെങ്കിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം കുറക്കുവാൻ സാധിക്കുന്നതാണ്.

തങ്കശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിലെ ജിയോ പോളുമായി ബന്ധപ്പെട്ട അപകടം കൊല്ലം ജില്ലാ ഓഫീസിൽ അന്വേഷിക്കേണ്ടതാണ് .

ദ്ധ്യക്ഷൻ

അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നിർദ്ദേശം പാലിക്കുന്നതിനായി അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

ശ്രീ. എൻ. സന്തോഷ്കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സെൻട്രൽ

മീറ്റിംഗ് റിവ്യൂ കാലയളവിൽ മേഖലക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

സുരക്ഷാ ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടും ജീവനക്കാർക്ക് അപകടങ്ങൾ സംഭവിക്കുന്നു.ജീവനക്കാർ സ്വയം സുരക്ഷ പാലിക്കാതെ പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിൽ ഔചിത്യ കുറവുണ്ട്.

ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാണ്.

എല്ലാ മീറ്റിംഗുകളിലും ജീവനക്കാരോട് സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുവാൻ നിർദ്ദേശിക്കാറുണ്ട്. എന്നാൽ പലപ്പോഴും ഇതിൽ വീഴ്ച വരുത്തുന്നുണ്ട്.

ഒക്ടോബർ മാസം മഞ്ഞപ്ര സെക്ഷനിൽ വൈദ്യുതാഘാതം മൂലം ജീവനക്കാരന് സംഭവിച്ച മാരകമല്ലാത്ത അപകടം വിശദീകരിച്ചു. സമാനമായ രീതിയിൽ പുത്തൻവേലിക്കര സെക്ഷനിലും അപകടം സംഭവിച്ചു.

മാരക അപകടങ്ങൾക്കും മാരകമല്ലാത്ത അപകടങ്ങൾക്കും ഉത്തരവാദിയായവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ എ.എം.സി. നൽകുന്ന നടപടി എല്ലാ സെക്ഷനുകളിലും നടപ്പിലാക്കിയിട്ടില്ല.

വണ്ടിയുടെ ലഭ്യത കുറവ് മൂലം സേഫ്റ്റി ഓഫീസർമാർക്ക് സുരക്ഷാ പരിശോധനകൾ നടത്തുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

ചാർജ്ജുള്ള സേഫ്റ്റി ഓഫീസർമാർക്ക് സ്മാർട്ടിൽ ഇൻസ്പെക്ഷനുകൾ എന്റർ ചെയ്യുന്നതിന് സാധിക്കുന്നില്ല.സേഫ്റ്റി ഓഡിറ്റുകൾ കാര്യക്ഷമമായി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.Single Line diagram എല്ലാ സെക്ഷനോഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.ഇന്റർ ലിങ്കിംഗ് പോസ്റ്റുകൾ കളർ കോഡിംഗ് ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

ജിയോ കമ്മ്യൂണിക്കേഷൻ അധികൃതർ രാത്രികാലങ്ങളിൽ വൈദ്യുത ലൈനുകൾക്ക് സമീപം പോളുകൾ സ്ഥാപിക്കുന്ന ജോലി തുടരുന്നുണ്ട്.ഇത്തരം പോളുകൾ ഇൻസുലേറ്റഡ് പോളുകളല്ല.

ജിയോ പോളുമായി ബന്ധപ്പെട്ട പരാതികൾ കത്തായി ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിനും എ.ഡി.എം.-നും നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സർക്കാരിൽ നിന്ന് തീരുമാനം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. എറണാകുളം സിറ്റിയിൽ ഇത്തരത്തിലുള്ള ധാരാളം ജിയോ പോളുകൾ സ്ഥാപിച്ചിട്ടുണ്ട്.

അനധികൃത കേബിളുകൾ പോസ്റ്റുകളിൽ നിന്ന് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

അദ്ധ്യക്ഷൻ

Safety procedure പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് മൂലം സംഭവിക്കുന്ന അപകടങ്ങൾക്ക് ഉത്തരവാദിയായവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി തീവ്രമായി പരിശ്രമങ്ങൾ നടത്തേണ്ടതാണ്.

സുരക്ഷാ പരിശോധനകൾ കൃത്യമായി നടത്തുക, ജീവനക്കാർക്കാവശ്യമായ സുരക്ഷാപരിശീലനം നൽകുക, ജീവനക്കാർക്ക് സുരക്ഷാ ബോധവത്ക്കരണം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാൽ അപകടങ്ങൾ കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

Un-scheduled വർക്കുകൾക്കിടയിലാണ് കൂടുതൽ വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നത്. ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനായി ജീവനക്കാർക്കാവശ്യമായ സുരക്ഷാ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ചീഫ് സേഫ്റ്റി ഓഫീസർമാർമാരും സേഫ്റ്റി ഓഫീസർമാരും മുൻകൈ എടുക്കേണ്ടതാണ്.

ജിയോ പോളുമായി ബന്ധപ്പെട്ട പരാതികൾ കൃത്യമായും ജില്ലയിലെ എ.ഡി.എം.-നു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ശ്രീമതി. സന്ധ്യ ദിവാകർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ നോർത്ത്

നിലമ്പൂർ സർക്കിളിൽ ഒക്ടോബർ മാസം ഉപഭോക്തൃ ഇടത്തിൽ ഒരു അപകടം സംഭവിച്ചു.

പാലക്കാട് ജില്ലയിൽ അപകടങ്ങൾ കൂടുതൽ സംഭവിക്കുന്നു. പാലക്കാട് ജില്ലയിൽ ജീവനക്കാർ പലപ്പോഴും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. അതിനാൽ ഈ ജീവനക്കാർ നടത്തുന്ന പൊതുജനബോധവത്കരണ പരിപാടികൾ ഫലപ്രദമാകുന്നില്ല.

വൈദ്യുത വേലികളിൽ നിന്നും പാലക്കാട് ജില്ലയിൽ കൂടുതലായി വൈദ്യുത അപകടങ്ങൾ

ംഭവിക്കുന്നു. സോളാർ വേലികളിൽ സംഭവിക്കുന്ന വൈദ്യുത അപകടങ്ങൾ പലപ്പോഴും പത്രവാർത്തകളിൽ നിന്നാണ് സെക്ഷനോഫീസുകളിൽ അറിയാറുള്ളത്.

നവംബർ മാസം ഓങ്ങല്ലൂർ സെക്ഷനിൽ വൈദ്യുത അപകടത്തിൽ ഒരു ലൈൻമാൻ മരണപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപകടം അടുത്ത യോഗത്തിൽ വിശദീകരിക്കുന്നതാണ്. ഈ അപകടത്തോടനുബന്ധിച്ച് മേഖലയിലെ ചീഫ് സേഫ്റ്റി ഓഫീസർമാരുടെയും സേഫ്റ്റി ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ ചില നിർദ്ദേശങ്ങൾ ഉയർന്നു വന്നിരുന്നു.

(1) സെക്ഷനോഫീസുകളിലെ മുൻപ് നിലവിലുണ്ടായിരുന്ന സെന്റർ സംവിധാനം ഒഴിവാക്കിയത് അപകടങ്ങൾ കൂടുവാൻ ഇടയാക്കിയിട്ടുണ്ട്. സെക്ഷനോഫീസുകളിലെ സെന്റർ സംവിധാനം വീണ്ടും നടപ്പിലാക്കണമെന്ന അഭിപ്രായം ഉയർന്ന് വന്നിരുന്നു.

(2) സുരക്ഷാ വിഭാഗം സ്വതന്ത്രമാക്കേണ്ടതാണ്. നിലവിൽ സേഫ്റ്റി ഓഫീസർമാർക്കും ചീഫ് സേഫ്റ്റി ഓഫീസർമാർക്കും സുരക്ഷ കൂടാതെ നിരവധി ഉത്തരവാദിത്വങ്ങൾ ചെയ്യേണ്ടതുണ്ട്.

(3) സുരക്ഷാ മേൽനോട്ടവും വർക്കുകളുടെ പുരോഗതിയുടെ ഉത്തരവാദിത്വവും ഒരാളിൽ തന്നെ നിക്ഷിപ്തമാവുന്നത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

(4) സേഫ്റ്റി ഓഫീസർമാർക്ക് വാഹന സൌകര്യം ലഭ്യമില്ലാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

(5) ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണറും ചീഫ് സേഫ്റ്റി ഓഫീസറും ശിക്ഷാ അധികാരികൾ അല്ലാത്തതിനാൽ പലപ്പോഴും ജീവനക്കാർ നിർദ്ദേശങ്ങൾ പാലിക്കാറില്ല.

(6) ബോർഡ് ജീവനക്കാർ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ നിശ്ചിത പിഴ ഈടാക്കേണ്ടതും ശിക്ഷാ നടപടികൾ കൈകൊള്ളേണ്ടതും ആണ്.

(7) സാങ്കേതിക വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കുറഞ്ഞത് ഐ.റ്റി.ഐ. യോഗ്യത എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

(8) ഓങ്ങല്ലൂർ അപകടത്തിൽ മരണമടഞ്ഞ ലൈൻമാൻ ഇലക്ട്രിസിറ്റി വർക്കറായി സർവ്വീസിലിരിക്കുമ്പോൾ അധികവും കാഷ്യർ ആയാണ് ജോലി നോക്കിയിരുന്നത്. ഇദ്ദേഹം ലൈൻമാനായി സ്ഥാനകയറ്റം ലഭിച്ചപ്പോൾ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിചയവും ഇല്ലായിരുന്നു. അതിനാൽ, ടെക്നിക്കൽ ജീവനക്കാരെ, മറ്റു

ജോലികളിൽ നിയോഗിക്കുവാൻ പാടുള്ളതല്ല. മീറ്റർ റീഡർമാരിൽനിന്ന് സബ് എഞ്ചിനീയറായി സ്ഥാനകയറ്റം ലഭിക്കുന്ന ജീവനക്കാർക്കിടയിൽ ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

(9) സ്ഥലംമാറ്റ സമയത്ത്, സെക്ഷനോഫീസുകളിലെ 50 ശതമാനം എങ്കിലും ജീവനക്കാരെ നിലനിർത്തേണ്ടതാണ്.

ഓങ്ങല്ലൂർ അപകടത്തിൽ മരിച്ചയാൾ അപകട സമയത്ത് സേഫ്റ്റി ഷൂസ് ധരിച്ചിരുന്നില്ല. സേഫ്റ്റി ഷൂസ് ധരിച്ചിരുന്നെങ്കിൽ മരണം ഒഴിവാക്കാമായിരുന്നു. ബ്രേക്ക് ഡൌൺ വർക്ക്, ഫ്യൂസ് ഓഫ് കാൾ എന്നീ വർക്കുകളിലാണ് അപകടങ്ങൾ കൂടുതൽ നടക്കുന്നത്.

ജിയോ പോളുമായി ബന്ധപ്പെട്ട പരാതികൾക്ക് എ.ഡി.എം.-ന്റെ പക്കൽ നിന്നും അനുകൂല ഉത്തരവ് ലഭ്യമായിട്ടുണ്ട്. എന്നാൽ എ.ഡി.എം.-ന്റെ ഉത്തരവ് ജിയോ കേബിളധികൃതർ നടപ്പിലാക്കുന്നില്ല.

മേഖലയ്ക്ക് കീഴിൽ പോസ്റ്റുകളിലെ കേബിളുകൾ ടാഗിംഗ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.സർക്കിളുകൾക്ക് കീഴിൽ അനധികൃത കേബിളുകൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.മേഖലയിൽ ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ എ.എം.സി. നൽകുന്ന നടപടി നടപ്പിലാക്കിയിട്ടില്ല..

മേഖലയ്ക്ക് കീഴിൽ സ്പൈസ്സറുകൾ സ്ഥാപിക്കുന്ന പ്രവർത്തിയുടെ സർക്കിൾ തിരിച്ചുള്ള പുരോഗതി അവതരിപ്പിച്ചു. മേഖലയ്ക്ക് കീഴിൽ ടാർജറ്റിന്റെ 50 ശതമാനം സ്പൈസ്സറുകൾ സ്ഥാപിച്ചിട്ടുണ്ട്.പൊതുജന ബോധവത്കരണ പരിപാടികൾ വാട്ട്സ് ആപ്പ് കൂട്ടായ്മകൾ വഴി നടക്കുന്നുണ്ട്.

<u>അദ്ധ്യക്ഷൻ</u>

പൊതുജന ബോധവത്കരണ പരിപാടികൾക്കായി കുറച്ചു ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസ വകുപ്പിലേയും തദ്ദേശ സ്വയംഭരണ വകുപ്പിലേയും തിരഞ്ഞെടുത്ത ജീവനക്കാർക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച് ട്രെയിനിംഗ് നൽകേണ്ടതാണ്. ഇത്തരത്തിൽ പരിശീലനം ലഭിച്ച ജീവനക്കാർ സുരക്ഷാ ബോധവൽകരണ ക്ലാസുകൾ പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്നതാണ്. സേഫ്റ്റി അസ്സെസ്സ്മെന്റ് കമ്മിറ്റി നോർത്ത് മലബാർ മേഖലയിൽ വിവിധ വകുപ്പുകളുടെ യോഗം വിളിച്ച് ചേർത്തിരുന്നു. ഈ യോഗത്തിൽ വിദ്യാഭ്യാസ വകുപ്പിലേയും, തദ്ദേശ സ്വയംഭരണ വകുപ്പിലേയും മേലധികാരികൾ ഇത്തരം TOT ട്രെയിനിംഗുകൾക്കായി ആവശ്യം അറിയിച്ചിരുന്നു.വൈദ്യുത സുരക്ഷയുമായി

ബന്ധപ്പെട്ട TOT ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനായി എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ജീവനക്കാർ വൈദ്യുത ജോലി ചെയ്യുമ്പോൾ എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് സുരക്ഷാ വിഭാഗത്തിലെ ഓരോ ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. സെക്ഷനുകളിലെ മോഡൽ സമ്പ്രദായം നടപ്പിലാക്കിയിട്ട് 15 വർഷത്തോളമായി. പഴയ സെന്റർ സംവിധാനത്തിലേക്ക് തിരിച്ചുപോകുക എന്നത് പ്രായോഗികമല്ല.

ശ്രീമതി ലത, Chief Safety Officer I/C of Deputy Safety Commissioner, (Distribution) North Malabar

മേഖലക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു. സേഫ്റ്റി അസ്സെസ്സ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം മേഖലയ്ക്ക് കീഴിൽ നാല് സർക്കിളുകളിൽ 29.11.2022 മുതൽ 02.11.2022 വരെ ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഓരോ സർക്കിളിനു കീഴിലും ഒരു സെക്ഷനിൽ സൺറൈസ് മീറ്റിംഗ്, രണ്ട് സെക്ഷനുകളിൽ സൈറ്റ് ഇൻസ്പെക്ഷനുകൾ എന്നിവ നടത്തിയിട്ടുണ്ട്. ഉച്ച കഴിഞ്ഞ് വിവധ വകുപ്പ് പ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ യോഗത്തിൽ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച TOT ട്രെയിനിംഗ് നൽകുകയാണെങ്കിൽ പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം എല്ലാ സർക്കിളുകളിലും നടപ്പിലാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ജിയോപോളുമായി ബന്ധപ്പെട്ട പരാതികൾ നിലവിലുള്ള 1856 ലൊക്കേഷനുകളുടെ പട്ടിക അയച്ചു തന്നിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിൽ ഇത്തരത്തിൽ കൂടുതൽ പോളുകൾ സ്ഥാപിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി, ജില്ലാകളക്ടർ ഇത്തരം പോളുകൾ മാറ്റുന്നതിനായി ഉത്തരവിട്ടിട്ടും പോളുകൾ ഇതുവരെ മാറ്റിയിട്ടില്ല. കണ്ണൂർ സർക്കിളിന് കീഴിൽ HT, LT ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ AMC നൽകിയിട്ടുണ്ട്.

ശ്രീകണ്ഠാപുരം സർക്കിളിനു കീഴിൽ 5 സെക്ഷനുകളിൽ മാത്രമാണ് ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ AMC നൽകിയിട്ടുള്ളത്. കൽപറ്റ സർക്കിളിനു കീഴിൽ HT ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ AMC നൽകിയിട്ടുള്ളത്. LT വർക്കുകൾ നൽകിയിട്ടില്ല.

കാസർകോട് സർക്കിളിൽ രണ്ട് സെക്ഷനുകളിൽ ഒഴികെ ബാക്കി എല്ലാ സെക്ഷനുകളിലും HT

ടച്ചിംഗ് ക്ലീയറൻസ് വർക്കുകൾ AMC നൽകിയിട്ടുണ്ട്. LT ടച്ചിംഗ് ക്ലീയറൻസ് വർക്കുകൾ നൽകിയിട്ടില്ല. കൃത്യമായി ടച്ചിംഗ് ക്ലീയറൻസ് വർക്കുകൾ നടന്നു വരുന്നു.

മേഖലയ്ക്ക് കീഴിൽ 7,03375 സ്പെയസറുകൾ ലൈനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സ്പെയസറുകളുടെ ലഭ്യതകുറവ് അനുഭവപ്പെടുന്നുണ്ട്. Rate Contract വ്യവസ്ഥ നടപ്പിലാക്കിയാൽ നന്നായിരുന്നു.

ഓപ്പറേഷൻ ശുദ്ധി, മിന്നൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആവശ്യത്തിന് സേഫ്റ്റി ഓഫീസർമാരില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്. പൊതുജന ബോധവൽകരണ പരിപാടികൾ നടത്തുന്നണ്ട്.

ഡിവിഷൻ, സബ് ഡിവിഷൻ തലങ്ങളിൽ സുരക്ഷാ കമ്മിറ്റികളുടെ പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ട്. വാട്ടസ് ആപ്പ് കൂട്ടായ്മകൾ, ലൈൻ പട്രോളിംഗ്, ഇന്റർ ലിങ്കിംഗ് പോസ്റ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

<u>അദ്ധ്യക്ഷൻ</u>

ജിയോപോളുമായി ബന്ധപ്പെട്ട പരാതികൾക്കുള്ള ADM ന്റെ ഉത്തരവ് നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകേണ്ടതാണ്. നിയമോപദേശം ആവശ്യമെങ്കിൽ സ്വീകരിക്കേണ്ടതാണ്. TOT ട്രെയിനിംഗിനാവശ്യമായ study മെറ്റീരിയലുകൾ ഉടനെ ലഭ്യമാക്കുന്നതാണ്. സ്പെയ്സറുകളുടെ പർച്ചേസിന് റേറ്റ് കോൺട്രാക്ട് നടപ്പിലാക്കുന്നതിന് കുറച്ചു സമയം ആവശ്യമാണ്.

<u>ശ്രീ. മനോജൻ പി പി , Deputy Safety Commissioner, Transmission North</u>

പ്രസരണ വിഭാഗത്തിൽ നോർത്ത് മേഖലയിൽ മീറ്റിംഗ് റിവ്യൂ കാലയളവിൽ ഒരു അപകടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.110 കെ.വി. അഗസ്ത്യാമൂഴി സബ്സ്റ്റേഷനിൽ ഇലക്ട്രിസിറ്റി വർക്കർ, ബസ് ഐസലേറ്ററിന്റെ ലൈവായ ഭാഗത്ത് മാറി കയറിയതിനാൽ വൈദ്യുതാഘാതം മൂലം ഗുരുതരമായി പൊള്ളലേറ്റു. പ്രസ്തുത അപകടത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.ഈ അപകടം എല്ലാ മീറ്റിംഗുകളിലും ചർച്ച ചെയ്തിട്ടുണ്ട്.

പാലക്കാട് വാണിയംകുളത്ത് പൊതുജനത്തിന് സംഭവിച്ച അപകടം വിശദീകരിച്ചു.

സേഫ്റ്റി അസ്സെസ്സ്മെന്റ് കമ്മിറ്റിയുടെ കൽപ്പറ്റ സർക്കിളിൽ നടത്തിയ യോഗത്തിൽ പങ്കെടുത്തിരുന്നു. വിവധ വകുപ്പുകളുടെ പ്രതിനിധികൾ യോഗത്തിൽ സന്നിഹിതരായിരുന്നു. പ്രസ്തുത മീറ്റിംഗുകൾ വളരെ ഫലപ്രദമായിരുന്നു. സേഫ്റ്റി അസ്സെസ്സ്മെന്റ് കമ്മിറ്റി ബാക്കിയുള്ള മേഖലകളിൽ സന്ദർശനം നടത്തുമ്പോൾ പ്രസരണ മേഖലയിലെ സബ്സ്റ്റേഷനുകളെ കൂടി

ൾപ്പെടുത്തേണ്ടതാണ്.

ലൈൻ മെയിന്റനൻസ് വിഭാഗം അപകട സാധ്യത കൂടുതലുള്ള ലൈനുകൾക്ക് സമീപം താമസിക്കുന്ന പൊതുജനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിസിറ്റിംഗ് കാർഡ് സുരക്ഷയുടെ ഭാഗമായി നൽകുന്നുണ്ട്. കൂടാതെ ലൈനുകൾക്ക് സമീപം താമസിക്കുന്ന ജനങ്ങളുടെ ഫോൺ നമ്പറുകൾ സുരക്ഷയുടെ ഭാഗമായി ലൈൻ മെയിന്റനൻസ് വിഭാഗം എഴുതി സൂക്ഷിക്കുന്നുണ്ട്. കൂടാതെ ട്രാൻസ്മിഷൻ ടവറുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ നമ്പർ പ്ലേറ്റായി മലപ്പുറം സർക്കിളിന് കീഴിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സബ്സ്റ്റേഷനുകളിലെ ഷിഫ്റ്റ് ഓപ്പറേറ്റർമാരുടെയും ഷിഫ്റ്റ് അസിസ്റ്റന്റുമാരുടെയും dress code സംബന്ധിച്ച ഉത്തരവുകൾ ഏതെങ്കിലും നിലനിൽക്കുന്നുണ്ടോ എന്ന സംശയം ഉന്നയിച്ചു. എലിസബത്ത് എന്ന വ്യക്തി വിവരാവകാശ നിയമപ്രകാരം പ്രസ്തുത വിഷയം ചോദിച്ചിട്ടുണ്ട്.

2018 ൽ പ്രസരണ വിഭാഗത്തിന്റെ കളമശ്ശേരിയിൽ വച്ച് നടത്തിയ യോഗത്തിന്റെ മിനുട്ട്സിൽ dress code-നെ കുറിച്ച് പ്രദിപാദിക്കുന്നുണ്ട്. പ്രസ്തുത മിനിട്ടസ് പ്രകാരം യൂണിഫോം dress code എല്ലാ സബ്സ്റ്റേഷനുകളിലും നടപ്പിലാക്കാവുന്നതാണോ എന്ന് സംശയം ചോദിച്ചു.

<u>അദ്ധ്യക്ഷൻ</u>

1. വൈദ്യുത ജോലികളിൽ ഏർപ്പെടുമ്പോൾ ശ്രദ്ധ മാറിപോകാതെ ചെയ്യുന്ന ജോലികളിൽ പൂർണ്ണ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. Dress Code ബോർഡ് ഉത്തരവ് ഇല്ലാത്തതിനാൽ ആധികാരികമായി നടപ്പിലാക്കുവാൻ സാധിക്കുകയില്ല. ഈ വിഷയം ഡയറക്ടർ ട്രാൻസ്മിഷനുമായി ചർച്ചചെയ്ത ശേഷം അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>ശ്രീമതി ലിലാമ്മ, Deputy Safety Commissioner, Transmission South</u>

Transmission South മേഖലയിൽ മീറ്റിംഗ് റിവ്യൂ കാലയളവിൽ മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

ശബരിഗിരി ലൈനിൽ 29.11.2022 ൽ, കരാർ ജീവനക്കാരന് കടുവ ആക്രമണത്തിൽ മാരകമല്ലാത്ത അപകടം സംഭവിച്ചിട്ടുണ്ട്.അപകടത്തിനിരയായ കരാർ ജീവനക്കാരന് ഒരു ലക്ഷം രൂപ നഷ്ടപരിഹാരതുക അനുവദിക്കുന്നതിനായി ബോർഡിലേക്ക് നോട്ട് സമർപ്പിച്ചിട്ടുണ്ട്.ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നതായി അറിയിച്ചു. ഈ കരാർ ജീവനക്കാരന്റെ നിലവിലെ സ്ഥിതി വളരെ

പരിതാപകരമാണ്.

Safety Inspection-കൾ , Surprise Inspection-കൾ, safety meeting-കൾ എന്നിവ സബ് ഡിവിഷൻ, ഡിവിഷൻ തലങ്ങളിൽ കൃത്യമായി നടക്കുന്നുണ്ട്.

ശ്രീമതി സജിതാകുമാരി, TA to Director (Distribution)

ജീവനക്കാർക്ക് സംഭവിച്ച അപകടങ്ങൾ അവലോകനം ചെയ്യുമ്പോൾ അവരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന അനാസ്ഥയാണ് പലപ്പോഴും അപകടങ്ങളിലേക്ക് വഴിതെളിക്കുന്നത്.ദിവസേന ജീവനക്കാരിൽ സുരക്ഷാ അവബോധം വളർത്തുന്നതിനായി നടപടികൾ സ്വീകരിക്കുക എന്നതാണ് അനാസ്ഥ ഒഴിവാക്കുന്നതിനുള്ള ഉചിതമാർഗ്ഗം.

സെക്ഷനുകളിലെ പല അസിസ്റ്റന്റ് എഞ്ചിനീയർമാരും ഓൺലൈനിൽ സൺറൈസ് മീറ്റിംഗ് നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ഓഫ് ലൈനായി തന്നെ എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാരും സൺറൈസ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. സുരക്ഷാ വിജ്ഞാന സദസ്സ് കൃത്യമായും എല്ലാ ദിവസവും നടത്തേണ്ടതാണ്. Surprise inspection-കൾ കൃത്യമായും നടത്തേണ്ടതാണ്. ഇൻസ്പെക്ഷനിൽ കണ്ടെത്തുന്ന വീഴ്ചകൾക്ക് കർശനമായ താക്കീതോ ശിക്ഷാ നടപടികളോ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി സ്ട്രെസ്സ് മാനേജ്മെന്റിന്റെ ക്ലാസ്സ് സർക്കിൾ തലത്തിൽ സുരക്ഷ വിഭാഗം സംഘടിപ്പിക്കേണ്ടതാണ്. സുരക്ഷ വിഭാഗം സർക്കിൾ തലത്തിൽ ഇതുവരെ സംഭവിച്ച അപകടങ്ങളുടെ അവലോകനം പ്രദർശിപ്പിക്കുകയാണെങ്കിൽ ജീവനക്കാരിൽ സുരക്ഷ അവബോധം വളരുന്നതാണ്.

സുരക്ഷ വിഭാഗത്തിന്റെ ഫലപ്രദമായ ഇടപെടൽ മൂലമാണ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം അപകടങ്ങൾ കുറയുവൻ കാരണം. ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ AMC നൽകുന്നതിനായി കരാറുകാരെ കിട്ടാൻ പല സർക്കിളുകളിലും ബുദ്ധിമുട്ടനുഭവപ്പെടുന്നു Professional ആയി AMC ചെയ്യുന്നവരുടെ എണ്ണം കുറവാണ്. LT ലൈനുകളിൽ ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ എത്രത്തോളം ഫലപ്രദമായി AMC നൽകാൻ കഴിയും എന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നുണ്ട്.

HT ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ AMC വളരെ നല്ല രീതിയിൽ നടപ്പിലാക്കുന്നുണ്ട്. ലൈൻ പട്രോളിംഗ് നല്ല രീതിയിൽ നടപ്പിലാക്കുന്നുണ്ട്. ലൈൻ പട്രോളിംഗിൽ കണ്ടെത്തുന്ന

അനോമലികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ജീവനക്കാരൻ പ്രസ്തുത അനോമലി പരിഹരിച്ചു എന്നുറപ്പാക്കുകയും രജിസ്റ്ററിൽ ക്ലോസ് ചെയ്യുകയും ചെയ്യുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാകുന്നതാണ്.

അനധികൃത കേബിളുകൾ പോസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനായി കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജിയോ പോളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

വൈദ്യുത അപകടങ്ങൾ കൂടുതൽ സംഭവിക്കുന്നത് പൊതുജനങ്ങൾക്കാണ്. ജനങ്ങൾ ഒത്തു കൂടുന്ന സ്ഥലങ്ങളിൽ കൂടുതൽ പൊതുജന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഇത്രയധികം ജോലിഭാരം വഹിക്കുന്ന പദവികൾ ഉണ്ടായിട്ടും വളരെ നല്ല രീതിയിൽ സുരക്ഷ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ചീഫ് സേഫ്റ്റി കമ്മീഷണർക്ക് അഭിനന്ദനം അറിയിച്ചു.

ശ്രീമതി. സാജമ്മ J. പുന്നൂസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

ജനറേഷൻ വിഭാഗത്തിൽ ഈ വർഷം ഇതുവരെ അപകടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. സുരക്ഷ യോഗങ്ങൾ, സേഫ്റ്റി സ്ക്വാഡ് ഇൻസ്പെക്ഷനുകൾ എന്നിവ നല്ല രീതിയിൽ നടപ്പിലാക്കുന്നുണ്ട്. ഇന്റർ സ്റ്റേഷൻ സ്ക്വാഡ് ഇൻസ്പെക്ഷനുകളാണ് ഇപ്പോൾ നടക്കുന്നത്.റിപ്പോർട്ടുകളിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നുണ്ട്. സുരക്ഷ ട്രയിനിംഗുകൾ, first aid ക്ലാസ്സുകൾ എന്നിവ കൃത്യമായി സംഘടിപ്പിക്കുന്നുണ്ട്. സുരക്ഷ പ്രശ്നങ്ങൾ എന്തെങ്കിലും കണ്ടെത്തുകയാണെങ്കിൽ അടുത്ത ദിവസത്തെ sunrise meeting-ൽ ചർച്ച ചെയ്ത് sunrise meeting രജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രശ്നം പരിഹരിച്ചു എന്നും ഉറപ്പ് വരുത്തുകയും ചെയ്യുന്നതാണ്.

അദ്ധ്യക്ഷൻ

ജനറേഷൻ മാനുവലിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അദ്ധ്യക്ഷൻ ആരാഞ്ഞു.

പ്രസ്തുത പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ജനുവരി ആദ്യ ആഴ്ചയിൽ

പൂർത്തീകരിക്കുന്നതാണെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ജനറേഷൻ മറുപടി നൽകി.

പ്രസരണ വിഭാഗത്തിൽ Safety Procedure-ൽ പുതുതായി നിലവിൽ വന്ന RMU യൂണിറ്റുകൾ കൂടി ഉൾപ്പെടുത്തുന്നതിനായി ഡയറക്ടർ (ട്രാൻസ്മിഷൻ) നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം പ്രസരണ വിഭാഗം പരിഗണിക്കണമെന്ന് അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

ശ്രീ. സജിൻ സ്റ്റീഫൻ, റീജിയണൽ പേഴ്സണൽ ഓഫീസർ

പുതുതായി നിലവിൽ വന്ന Employee Compensation Act പ്രകാരം അപകട മരണത്തിനിരയാകുന്നവരുടെ ബന്ധുക്കൾക്ക് 19 ലക്ഷം വരെ നൽകേണ്ടതുണ്ട്. കൂടാതെ മാരകമല്ലാത്ത അപകടങ്ങൾക്ക് 21 ലക്ഷം വരെ നൽകേണ്ടതുണ്ട്. അപകടങ്ങളുടെ കാരണം പരിശോധിക്കുമ്പോൾ പെർമിറ്റ് ടു വർക്ക് ഇല്ലാത്തതും എർത്തിംഗ് നടപടി ക്രമങ്ങൾ പാലിക്കാത്തതും ആണ് പ്രധാന കാരണം എന്ന് മനസ്സിലാക്കുന്നു.. കൃത്യമായ കൃത്യവിലോപം കണ്ടെത്തുന്ന അപകടങ്ങളിൽ ചിലതിന് അപകടത്തിന് ഉത്തരവാദിയായവരിൽ നിന്ന് അനുവദിക്കുന്ന നഷ്ടപരിഹാര തുക ഭാഗികമായോ പൂർണ്ണമായോ ഈടാക്കുന്നതിന് ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന് കാരണമായത് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ, കോടതികൾ എന്നിവയുടെ ഇടപെടൽ മൂലമാണ്. മിക്ക അപകടങ്ങളുടെയും enquiry കാലയളവ് കൂടുതൽ ആയതിനാലും അന്വേഷണത്തിൽ ഗുരുതര കൃത്യവിലോപം കണ്ടെത്താത്തതിനാലും ഈ കാര്യം നടപ്പിലാക്കാറില്ല.. എന്നാൽ ചുരുക്കം ചില അപകടങ്ങളിൽ നഷ്ടപരിഹാര തുക ഈടാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

സുരക്ഷ മുൻകരുതലുകൾ സ്വീകരിക്കുന്നതിലെ ജാഗ്രത കുറവ്, അമിത ആത്മ വിശ്വാസം എന്നിവയും പലപ്പോഴും അപകടങ്ങൾക്ക് വഴി തെളിക്കുന്നുണ്ട്. സുരക്ഷ ഉപകരണങ്ങളുടെ ലഭ്യത കുറവ് ഒരു അപകടത്തിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല..

കമ്പി പൊട്ടൽ മൂലമുള്ള അപകടം നാച്ചുറൽ കലാമിറ്റി സന്ദർഭങ്ങളിൽ കൂടുതലായി സംഭവിക്കുന്നു.. ഇതിന് പലപ്പോഴും കെ.എസ്.ഇ.ബി.ലിമിറ്റഡിനെ ഉത്തരവാദിയാക്കാറുണ്ട്. ഇത്തരം അപകട മരണങ്ങൾക്ക് 10 ലക്ഷം രൂപയോളം നഷ്ടപരിഹാര തുകയായി കെ.എസ്.ഇ.ബി.ലിമിറ്റഡ് നൽകാറുണ്ട്. മാരകമല്ലാത്ത അപകടങ്ങളിൽ 20 ശതമാനം താഴെ മാത്രമാണ് നഷ്ടപരിഹാരത്തിന് അർഹരാകുന്നത്.

ൻ കാലങ്ങളിൽ non fatal അപകടങ്ങൾക്കിരയായ 100 ശതമാനം disablement ആയുള്ള വ്യക്തികൾക്ക് പകരം ഭാര്യക്കോ മക്കൾക്കോ ജോലി നൽകുന്ന വ്യവസ്ഥ നിലനിന്നിരുന്നു. ഇപ്പോൾ ഭൂരിഭാഗം കേസുകളിലും ഇത് നടക്കാറില്ല. പകരം അപകടത്തിനിരയായ വ്യക്തി ജോലിയിൽ തന്നെ തുടരുന്ന നിലയിൽ ശമ്പളവും, സ്ഥാനക്കയറ്റവും എല്ലാ ആനുകൂല്യങ്ങളും ജോലിക്ക് ഹാജരാകുന്നില്ലെങ്കിൽ കൂടി നൽകുന്ന രീതിയാണ് ഇപ്പോൾ തുടർന്ന് വരുന്നത്. എന്നാൽ 40% - 60% വരെ disablement ഉള്ള വ്യക്തികൾക്ക് അവരുടെ മാനസികവും ശാരീരികവുമായ ശേഷിക്കനുസരിച്ചുള്ള ജോലി അവരുടെ വീടിനടുത്തുള്ള സെക്ഷനോഫീസിൽ കണ്ടെത്തി നൽകുന്ന രീതിയും അവലംബിച്ച് വരുന്നു. അപകട സാധ്യത ഒഴിവാക്കുന്നതിനുള്ള പരമാവധി നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

ശ്രീ. സജീവ് കുമാർ, വർക്കേഴ്സ് അസോസിയേഷൻ പ്രതിനിധി

ചീഫ് സേഫ്റ്റി കമ്മീഷണർ സംസ്ഥാന തല സുരക്ഷാ കമ്മിറ്റി യോഗം കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുകയും ഇൻസ്പെഷനുകൾ സംഘടിപ്പിക്കുകയും അപകടങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ചീഫ് സേഫ്റ്റി കമ്മീഷണർക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. അപകടങ്ങളിൽ കുറവ് വന്നിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്.എങ്കിലും അപകടങ്ങൾ സംഭവിക്കുന്നു. സബ്ഡിവിഷൻതല സുരക്ഷ കമ്മിറ്റി മുതൽ സംസ്ഥാനതല സുരക്ഷ കമ്മിറ്റികൾ വരെ അപകടങ്ങൾ അവലോകനം ചെയ്യുന്നുണ്ടെങ്കിലും ഈ കാര്യങ്ങൾ താഴെ തട്ടിലുള്ള ജീവനക്കാരിൽ എത്തുന്നില്ല. ജീവനക്കാർക്ക് അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാത്തതിനാലും ആണ്. സർപ്രൈസ് ഇൻസ്പെക്ഷനുകൾ നടത്തി വീഴ്ച കണ്ടെത്തുന്നു എങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുറ്റക്കാരനല്ലാത്ത ജീവനക്കാരുടെ മനോവീര്യം കെടുത്തുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല.. വാഹന സൌകര്യം ലഭ്യമല്ലെങ്കിൽ വാഹനങ്ങൾ വാടകക്കെടുത്താണെങ്കിലും സേഫ്റ്റി ഒഫീസർമാർ സർപ്രൈസ് ഇൻസ്പെക്ഷനുകൾ നടപ്പിലാക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ sunrise meeting-ൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്.

മാസത്തിൽ ഒന്നോ രണ്ടോ തവണ വർക്ക് സൈറ്റുകളിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെയോ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെയോ നേതൃത്വത്തിൽ മോക്ക് ഡ്രില്ലിന് സമാനമായ രീതിയിൽ വർക്കുകൾ തുടങ്ങുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിൻ നിന്നും വർക്ക് തുടങ്ങുന്നതിന് മുമ്പായി ജീവനക്കാർ സ്വീകരിക്കുന്ന സുരക്ഷാ മുൻകരുതലുകൾ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. സേഫ്റ്റി procedure-ൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ സംഘടനാ തലത്തിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ അറിയിക്കുന്നതാണ്. ഇന്റർ ലിങ്കിംഗ് പോസ്റ്റുകൾ പെയിന്റടിക്കുന്നതിന് പകരം ഇപ്പോൾ സ്റ്റിക്കറുകൾ ഉപയോഗിക്കുന്നുണ്ട്. ഇത്തരം സ്റ്റിക്കറുകൾ ജീവനക്കാർക്ക് തന്നെ പോസ്റ്റുകളിൽ പതിപ്പിക്കുവാൻ സാധിക്കുന്നതാണ്.

NH റോഡ് വൈഡനിംഗിന്റെ ഭാഗമായുള്ള ലൈൻ ഷിഫ്റ്റിംഗ് വർക്കുകൾ രാത്രി കാലങ്ങളിൽ ഉൾപ്പെടെ ചെയ്യുന്നുണ്ട്. ഇത് മൂലം വർക്ക് സൂപ്പർ വൈസർമാർക്ക് കൃത്യമായി വർക്ക് സൂപ്പർവൈസ് ചെയ്യുവാൻ സാധിക്കാതെ വരുന്നു. കൂടാതെ ഉപയോഗിക്കുന്ന സാധന സാമഗ്രികൾ ഗുണനിലവാരമില്ലാത്തതാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംഘടനയുടെ സംസ്ഥാന വാട്സ് ആപ്പ് ഗ്രൂപ്പിൽ വന്ന വാട്സ് ആപ്പ് സന്ദേശം യോഗത്തിൽ അവതരിപ്പിച്ചു.. Turnkey വർക്കുകൾക്ക് സാധന സാമഗ്രികളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തേണ്ടതാണ്.

സെന്റർ സംവിധാനം ഒഴിവാക്കിയത് മൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നതെന്ന ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)-ന്റെ അഭിപ്രായത്തോടുള്ള വിയോജിപ്പ് അറിയിച്ചു. സെന്റർ സംവിധാനം തിരികെ നടപ്പിലാക്കുകയാണെങ്കിൽ സംഘടന ഇതിനെതിരെ പ്രതിഷേധിക്കുന്നതായിരിക്കും..

പ്രസരണ മേഖലയിൽ യൂണിഫോം ഡ്രസ്സ് കോഡിനായി ബോർഡുത്തരവ് നിലവിലില്ല. ഇത്തരത്തിൽ ഡ്രസ്സ് കോഡ് ഏകപക്ഷീയമായി നടപ്പിലാക്കുന്നതിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല.

കടുവ ആക്രമണത്തിൽ കരാർ ജീവനക്കാരന് മൂഴിയാറിൽ അപകടം സംഭവിച്ചതുമായി ബന്ധപ്പെട്ട് സംഘടന കത്ത് നൽകിയതിന് ശേഷമാണ് നഷ്ടപരിഹാരത്തിനായി ബോർഡ് തലത്തിലേക്ക് അയച്ചത്. ഈ അപകടം വനംവകുപ്പിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വന്യജീവികളുടെ ആക്രമണത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുജന ബോധവത്കരണത്തിനായി LSG വിഭാഗത്തിൽ TOT ട്രയിനിംഗ് നൽകുന്നത് വളരെ ഫലപ്രദമാണ്. സൺ റൈസ് മീറ്റിംഗുകൾ കൃത്യമായി സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തുടങ്ങിയവർ പങ്കെടുക്കേണ്ടതാണ്. മീറ്റർ റീഡർമാരിൽ നിന്ന് സബ് എൻജിനീയർമാരായി പ്രമോഷൻ ലഭിച്ചവർ പരിചയക്കുറവ് അപകടങ്ങൾക്ക് കാരണമാകുന്നു എന്ന അഭിപ്രായത്തോട് ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചു.

ശ്രീമതി സരസ്വതി , കെ .എസ് .ഇ .ബി .എൽ ഓഫീസേഴ്സ് സംഘ് പ്രതിനിധി

മീറ്റിംഗ് റിവ്യൂ കാലയളവിൽ വൈദ്യുത അപകടങ്ങളിൽ മരണപ്പെട്ട ജീവനക്കാർക്കും പൊതു ജനങ്ങൾക്കും അനുശോചനം അറിയിച്ചു. വൈദ്യുത അപകടങ്ങളിൽ കൂടുതൽ മരണപ്പെടുന്നത് പൊതുജനങ്ങളാണ്. ആയതിനാൽ പൊതുജനങ്ങൾക്കിടയിൽ കൂടുതൽ സുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വിദ്യാലയങ്ങളിൽ വൈദ്യുത സുരക്ഷ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരമുള്ള വൈദ്യുത ബോധവത്കരണ ക്ലാസ്സുകളും ഊർജ്ജിതമായി സംഘടിപ്പിക്കേണ്ടതാണ്. ഇലക്ട്രിക്കൽ വയർമാൻമാരെ കൂടി വൈദ്യുത സുരക്ഷ ബോധവത്കരണ ക്ലാസ്സുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. സർപ്രൈസ് ഇൻസ്പെക്ഷനുകൾ ഊർജ്ജിതമായി സംഘടിപ്പിക്കേണ്ടതാണ്.

ഒഴിവുള്ള സ്ഥലങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരെ നിയമിക്കേണ്ടതാണ്.

ഷെഡ്യൂൾഡ് വർക്കുകൾ സംഘടിപ്പിക്കുന്ന ദിവസങ്ങളിൽ സെക്ഷനോഫീസുകളിലെ sunrise meeting-ൽ കരാറുകാരുടെ വർക്ക് സൂപ്പർവൈസർമാരെകൂടി പങ്കെടുപ്പിക്കുകയും ഫീഡിംഗ് അറേഞ്ച്മെന്റിനെ കുറിച്ച് അറിയിക്കുകയും ചെയ്യേണ്ടതാണ്.

ഇലക്ട്രിക് പോസ്റ്റുകൾക്ക് സമീപം അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ജിയോ പോളുകളും കേബിളുകളും നീക്കം ചെയ്യുന്നതിനായി ശക്തമായ നടപടികൾ കൈകൊള്ളേണ്ടതാണ്. അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ നീക്കം ചെയ്യുന്ന ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി.എൽ സംരക്ഷണവും നൽകേണ്ടതാണ്.

വൈദ്യുത അപകടങ്ങൾക്ക് ഉത്തരവാദിയായവരിൽ നിന്ന് നഷ്ടപരിഹാര തുക

ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കും എന്ന കാര്യം യോഗങ്ങൾ വിളിച്ച് ചേർത്ത് ജീവനക്കാരെ അറിയിക്കേണ്ടതാണ്. ഇതുമൂലം ജീവനക്കാർ കൂടുതൽ ബോധവാന്മാരാകുന്നതാണ്..

സേഫ്റ്റിയുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ അയക്കേണ്ടതാണ്.

ശ്രീ.ശ്യാം കുമാർ, KSEB OA, പ്രതിനിധി

യൂണിയൻ പ്രതിനിധികൾ യോഗത്തിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് കൃത്യമായ തുടർ നടപടികൾ സ്വീകരിക്കുന്ന അദ്ധ്യക്ഷന് എല്ലാവിധ അഭിനന്ദനങ്ങളും അറിയിച്ചു. കഴിഞ്ഞ യോഗത്തിൽ യൂണിയൻ പ്രതിനിധി ഉന്നയിച്ച പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. MIDEA യുടെ നേതൃത്വത്തിൽ നടത്തുന്ന നൂതന കണ്ടുപിടിത്തങ്ങൾക്കും അഭിനന്ദനം അറിയിച്ചു.

NH widening-ആയി ബന്ധപ്പെട്ട് വർക്കേഴ്സ് അസോസിയേഷൻ പ്രതിനിധി ഉന്നയിച്ച ആവശ്യങ്ങളെ പിൻതാങ്ങുന്നു. പ്രസ്തുത പ്രവർത്തിക്ക് ഉപയോഗിക്കുന്ന മെറ്റീരിയലുകൾ ഗുണനിലവാരമില്ലാത്തതാണ്. കൂടാതെ ലൈൻ ഷിഫ്റ്റിംഗ് നടത്തുമ്പോൾ HT ലൈനുകൾക്ക് ആവശ്യമായ ലൈൻ ക്ലിയറൻസ് പാലിക്കാതെയാണ് സ്ഥാപിക്കുന്നത് യാതൊരുവിധ മുൻകാല പ്രവർത്തി പരിചയം ഇല്ലാത്ത കരാറുകാരാണ് ഇത്തരം പ്രവർത്തികൾ ചെയ്യുന്നത്. ഇത്തരം ലൈൻ ഷിഫ്റ്റിംഗ് വർക്കുകൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചു ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർമ്മാണ പ്രവൃത്തികൾ സൂപ്പർ വൈസ് ചെയ്യുന്ന ജീവനക്കാർക്ക് ശരിയായ രീതിയിൽ വർക്ക് സൂപ്പർ വൈസ് ചെയ്യുന്നതിനാവശ്യമായ ബോധവത്കരണം നൽകേണ്ടതാണ്. ഇതുമൂലം ലൈൻ നിർമ്മാണത്തിലെ അപാകതകൾ മൂലം സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ നമ്മുടെ നെറ്റ് വർക്കുകളും standardize ആകുന്നതാണ്. കരാർ ജീവനക്കാർക്ക് അപകടങ്ങൾ കൂടുതലായി സംഭവിക്കുന്നു. സൺ റൈസ് മീറ്റിംഗുകളിൽ കരാർ ജീവനക്കാരെ കൂടി പങ്കെടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ ജീവനക്കാർ പലപ്പോഴും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതെയാണ് വൈദ്യുത പ്രവർത്തികൾ ചെയ്യാറുള്ളത്. കരാർ ജീവനക്കാർക്കു കൂടി എല്ലാവിധ സുരക്ഷാ ഉപകരണങ്ങളും

ഉപയോഗിച്ച് വൈദ്യുത ജോലികളിൽ ഏർപ്പെടുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. വിതരണ വിഭാഗം Safety Procedure സൂക്ഷമമായി പരിശോധിക്കേണ്ടുന്ന ചില ഉദാഹരണങ്ങൾ വിശദീകരിച്ചു.

ജീവനക്കാർക്ക് 100 ശതമാനം സുരക്ഷ ഉറപ്പ് വരത്തക്ക രീതിയിൽ Safety Procedure modify ചെയ്യേണ്ടതാണ്. ഇക്യൂ പൊട്ടൻഷ്യൽ ബോണ്ടിംഗിന്റെ പോരായ്മകൾ വിശദീകരിച്ചു. ടെക്നിക്കൽ കമ്മിറ്റി, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ച് കൊണ്ട് Safety Procedure modify ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജിയോ കേബിളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം എത്രയും പെട്ടെന്ന കണ്ടെത്തേണ്ടതാണ്. ജിയോ പോളുകൾ കോൺക്രീറ്റ് ചെയ്താണ് റോഡിനിരുവശവും സ്ഥാപിക്കുന്നത്. ഇത്തരം പോളുകൾ ഇളക്കി സ്ഥാപിക്കുന്നത് ബുദ്ധിമുട്ടേറിയ പ്രവർത്തിയാണ്.

ബോർഡ് നിർദ്ദേശിക്കുന്ന ശരിയായ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ പോസ്റ്റുകളിൽ കൂടി കേബിളുകൾ വലിക്കുന്നതിനായി അനുവദിക്കുവാൻ പാടുള്ളൂ. പോസ്റ്റുകളുടെ ലോഡ് ബെയറിംഗ് ശേഷി പരിഗണിച്ചതിന് ശേഷം മാത്രമേ ഒരു പോസ്റ്റിൽ കൂടി വലിക്കുവാൻ സാധിക്കുന്ന പരാമവധി കേബിളുകളുടെ എണ്ണത്തിൽ തീരുമാനം എടുക്കേണ്ടത്.

വൈദ്യുത അപകടങ്ങൾക്ക് ഉത്തരവാദി എന്ന് കണ്ടെത്തുന്ന ഒരു ജീവനക്കാരിൽ നിന്ന് മാത്രം നഷ്ടപരിഹാര തുക ഈടാക്കുന്നതിനായുള്ള നടപടികളോട് പ്രതിഷേധം അറിയിച്ചു. ജീവനക്കാരുടെ ആത്മവിശ്വാസത്തെ ഇത്തരം നടപടികൾ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇത്തരം നടപടികളിൽ നിന്ന് പിന്തിരിയേണ്ടതാണ്.

ശ്രീ ഷൈൻ സെബാസ്റ്റ്യൻ, KSEB EA പ്രതിനിധി ,

പെർമിറ്റ് വർക്കുകൾ ഓൺ ലൈൻ ആക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഷെഡ്യൂൾ വർക്കുകൾക്ക് ഓൺ ലൈൻ പെർമിറ്റുകൾ നിർബന്ധമാക്കേണ്ടതാണ്. ലൈനുകളിൽ cut point/angle point കളിൽ A pole അല്ലെങ്കിൽ DP structure –കൾ ഉപയോഗിക്കേണ്ടതാണ്.

WP support-നായി tubular pole–കൾ ഉപയോഗിക്കുക ആണെങ്കിൽ ജീവനക്കാർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുവാൻ സാധിക്കുന്നതാണ്.

സർക്കിൾ തലത്തിലെങ്കിലും Arial lift-കൾ ലഭ്യമാക്കുന്നതിനായി നടപടികൾ

സ്വീകരക്കേണ്ടതാണ്.

ജീവനക്കാർക്ക് സുരക്ഷയുടെ ഭാഗമായി proximity സെൻസറുകൾ SCM മുഖാന്തിരം വാങ്ങി നൽകുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

സുരക്ഷ വിഭാഗം സ്വതന്ത്രമായാൽ മാത്രമേ അപകടങ്ങൾ കുറയ്ക്കുന്നതിനായി സാധിക്കുകയുള്ളൂ..

ട്രാൻസ്ഫോർമർ ഫെൻസിംഗിൽ നിന്നുള്ള വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ തറ നിരപ്പിൽ നിന്ന് നിശ്ചിത ഉയരത്തിൽ മെറ്റലിംഗ് നടത്തേണ്ടതാണ്. കൂടാതെ ഫെൻസിംഗുകൾക്ക് ആവശ്യമായ എർത്തിംഗും ചെയ്യേണ്ടതാണ്.

ഇരട്ട ഹുക്കുള്ള സുരക്ഷ ബെൽറ്റുകൾ ജീവനക്കാർക്ക് വാങ്ങി നൽകേണ്ടതാണ്. ഇന്റർ ലിങ്കിംഗ് പോസ്റ്റുകൾ തിരിച്ചറിയുന്നതിനായി നൂതനാശയങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ശ്രീ രാകേഷ് പ്രസന്നൻ , KSEB OF പ്രതിനിധി

സെക്ഷനോഫീസിലെ ജീവനക്കാർ അറിയാതെ സ്കൂൾ വിദ്യാർത്ഥികൾ ലൈൻ A B ഓപ്പറേറ്റ് ചെയ്യുന്ന സംഭവം ഉണ്ടായിട്ടുണ്ട്. സെക്ഷനോഫീസുകളിലെ A B കൾക്ക് നമ്പർ ലോക്ക് സംവിധാനം നടപ്പിലാക്കിയാൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

ABC, covered conductor എന്നിവയുടെ മെയിന്റനൻസിനായി ബോർഡ് ജീവനക്കാർക്ക് ആവശ്യമായ ട്രയിനിംഗ് നൽകേണ്ടതാണ്. സൂപ്പർവൈസറി ജീവനക്കാർക്ക് ശരിയായ രീതിയിൽ വർക്ക് സൂപ്പർവൈസ് ചെയ്യുന്നതിനാവശ്യമായ ട്രയിനിംഗുകൾ നൽകേണ്ടതാണ്.

ലൈൻ പട്രോളിംഗ് ഫലപ്രദമായി സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ ലൈൻ പട്രോളിംഗിനായി Online App തയ്യാറാക്കേണ്ടതാണ്. LT ടച്ചിംഗ് വർക്കുകൾ AMC നൽകിയാൽ ഉൾപ്രദേശങ്ങളിലെ ടച്ചിംഗ് വർക്കുകൾ ക്ലിയർ ചെയ്തിട്ടുണ്ട് എന്ന് ലൈൻ പട്രോളിംഗ് നടത്തി ഉറപ്പാക്കേണ്ടതാണ്.

HT/LT ലൈനുകളിൽ A pole ഉപയോഗിച്ചിരിക്കുന്ന സ്ഥലങ്ങളിൽ എർത്ത് റോഡുകൾക്കും കണക്ടിംഗ് വയറുകൾക്കും നീളം കുറവായത് മൂലം മുകളിൽ നിന്ന് കണക്ട് ചെയ്യുമ്പോൾ താഴെ എത്തുന്നതിനായി ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ മെയിന്റനൻസ് വർക്കുകൾ സെക്ഷനോഫീസിലെ ജീവനക്കാരിൽ നിഷിപ്തമാവുകയാണെങ്കിൽ ജീവനക്കാർക്ക് ജോലി ഭാരം അധികമാവുന്നതാണ്.

ശ്രീ അശോക് ഷെർലേക്കർ, KPBOF, പ്രതിനിധി

മിക്ക സെക്ഷനോഫീസുകളിലും ജീവനക്കാർ ആവശ്യത്തിനില്ല. അനധികൃത കേബിളുകൾ നീക്കം ചെയ്യുന്നതിനായി സമയ പരിധി നിശ്ചയിച്ച് ജിവനക്കാർക്ക് നൽകുമ്പോൾ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് മൂലം സമയപരിധിക്കുള്ളിൽ ഈ വർക്ക് പൂർത്തിയാക്കുവാൻ സാധിക്കാതെ വരുന്നു. ഇത് ജീവനക്കാരിൽ മാനസിക സമ്മർദ്ദം വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. സമയപരിധി നീട്ടി നൽകുകയോ ഇത്തരം വർക്കുകൾ കരാറുകാരെയോ ഏൽപ്പിക്കുകയാണെങ്കിൽ ജീവനക്കാരുടെ മാനസിക സമ്മർദ്ദം കുറക്കുന്നതിനായി സാധിക്കുന്നതാണ്.

പോസ്റ്റുകളിൽ നിന്ന് KSEBL നീക്കം ചെയ്യുന്ന കേബിളുകൾ ഇപ്പോൾ ജിയോ പോളിൽ കൂടി വലിച്ചുകൊണ്ട് പോകുന്ന പ്രവണത കാണുന്നുണ്ട്. ഇത് ബോർഡിന് വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ട്.

സ്പെയ്സറുകളുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് വർക്കിനായി ഓൺ ലൈൻ APP develop ചെയ്യേണ്ടതാണ്. സർപ്രൈസ് ഇൻസ്പെക്ഷനുകളുടെ എണ്ണം കൂട്ടേണ്ടതാണ്.

ശ്രീ വേണുഗോപാൽ KSEB ഓഫീസേഴ്സ് വെൽഫയർ ഓർഗനൈസേഷൻ

സുരക്ഷക്കായി ജീവനക്കാരെ പ്രാപ്തരാക്കുകയാണെങ്കിൽ അപകടങ്ങൾ ഒഴിവാകുന്നതാണ്.

സൺറൈസ് മീറ്റിംഗിൽ ജീവനക്കാരുടെ അനുഭവങ്ങൾ പങ്കുവയ്ക്കേണ്ടതാണ്. ജീവനക്കരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി കൂട്ടായ സമീപനം ഉണ്ടാകേണ്ടതാണ്.

ജീവനക്കാർക്ക് നിയന്ത്രിത സ്വാതന്ത്ര്യത്തോട് കൂടി ജോലി ചെയ്യുവാൻ അനുവദിക്കേണ്ടതാണ്.

ഏരിയൽ ലിഫ്റ്റ് പോലുള്ള ആധുനിക ഉപകരണങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കേണ്ടതാണ്.

ശ്രീ. അരുൺ, Electricity Officers Confederation പ്രതിനിധി

NH റോഡ് വൈഡനിംഗിനായി ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ ഗുണനിലവാരം ലാബുകളിൽ പരിശോധിക്കേണ്ടതാണ്.

സോളാർ പ്ലാന്റുകളുടെ ടെസ്റ്റിംഗിനായി ജീവനക്കാർക്ക് ക്ലാസ്സ് റൂം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടതാണ്.

ലൈൻ മെയിന്റനൻസ് സബ്ഡിവിഷനുകളിൽ വർക്ക് സൂപ്പർവൈസിംഗിനായി ബോർഡ് ജീവനക്കാരെ നിയമിക്കേണ്ടതാണ്.

സബ്സ്റ്റേഷനുകളിൽ കൂടുതൽ കാലം ജോലി ചെയ്യുന്ന കരാർ ജീവനക്കാരെ നിശ്ചിത കാലയളവിന് ശേഷം ഷഫിൾ ചെയ്യുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

ലൈൻ പട്രോളിംഗിനായി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുന്നത് കൂടുതൽ ഫലപ്രദമാകും .

തീരപ്രദേശങ്ങളിലെ LT OH ലൈനുകൾ, ABC ആക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ജിയോ കമ്പനിക്കാർ കൂടാതെ എയർടെല്ലും വൈദ്യുത ലൈനുകൾക്ക് സമീപം പോളുകൾ സ്ഥാപിക്കുന്നുണ്ട്.

സ്മാർട്ട് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള മറുപടി പറയുന്നതിനായി സ്മാർട്ട് സോഫ്റ്റ്‌വെയറിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറെ അദ്ധ്യക്ഷൻ ക്ഷണിക്കുകയും മറുപടി അവതരിപ്പിക്കുകയും ചെയ്തു.

അദ്ധ്യക്ഷൻ

യോഗത്തിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളും എടുക്കുന്ന തീരുമാനങ്ങളും എല്ലാ ജീവനക്കാരിലും എത്തിക്കുന്നതിനും നടപ്പിലാക്കുന്നതിനായും എല്ലാവരും ശ്രമിക്കേണ്ടതാണ്.

ഇന്റർ ലിങ്കിംഗ് പോസ്റ്റുകളിൽ ചുവട്ടിൽ നിന്ന് 1.5 മീറ്റർ ഉയരത്തിൽ 45 ഡിഗ്രി ചരിവിൽ മഞ്ഞയിൽ ചുവപ്പ് വരകൾ തിരിച്ചറിയുന്നതിനായി (30 cm ഉയരത്തിൽ)പതിപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരം കത്തായി എല്ലാവരെയും അറിയിക്കുന്നതായിരിക്കും.

ഏരിയൽ ലിഫ്റ്റിനായുള്ള പർച്ചേസ് ഓർഡർ നടത്തിയിട്ടുണ്ട്. ഒന്നരമാസത്തിനകം ആദ്യഘട്ട ഉപകരണങ്ങൾ ലഭ്യമാകുന്നതായിരിക്കും.

14 ഐറ്റം സുരക്ഷാ ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിനായുള്ള ടെൻഡർ നടപടികൾ

ടന്നുവരികയാണ്.AB കൾ ലോക്ക് ചെയ്യുന്നതിനായുള്ള നമ്പർ ലോക്ക് സിസ്റ്റം സെക്ഷൻ ലെവലിൽ തീരുമാനിക്കാവുന്നതാണ്. AB കൾ ഓപ്പറേറ്റ് ചെയ്താലുണ്ടാകുന്ന അപകടവും, അനന്തര ഫലങ്ങളും വിദ്യാർത്ഥികളെ അറിയിക്കുന്നതിനായി വിദ്യാഭ്യാസവകുപ്പ് മുഖാന്തിരം നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും അദ്ധ്യക്ഷൻ നന്ദി അറിയിച്ചു.

പകൽ 5.30 ന് യോഗനടപടികൾ അവസാനിച്ചു.

ചീഫ് എഞ്ചിനീയർ (SCM)

& ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് ,
യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും
TA TO D(D&SCM) / D(G &E) / D(G &C) / D(T, S O, P&S)/D(REES,SOURA,S&W)